74. 2 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 33 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-89—ഗവൺമെന്റ് കോളേജുകളിൽ വനിതാഹോസ്റ്റലുകളുടെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം: ഇല്ല

75. 2 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുക അനുവദിക്കാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-87—സർക്കാർ കോളേജുകളിൽ ലാബുകളുടെയും ലൈബ്രറികളുടെയും വികസനം (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം: ഇല്ല

76. ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 3 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-85—കോളേജുകൾക്ക് നാഷണൽ അസസ്സെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം (ഒറ്റത്തവണ കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം: ഇല്ല

77. 12 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-83—കോളേജുകളുടെ അടിസ്ഥാന സൗകര്യവികസന പരിപാടി (സി.ഐ.യു.പി.)

ബഡ്ജറ്റ് വിഹിതം: ഇല്ല

78. 33 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4202-01-203-72—മറ്റ് ഏജൻസികൾക്ക് നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ഇൻഫ്രാസ്ട്രക്ച്ചർ നവീകരണം, സർക്കാർ കോളേജുകളുടെ വികസനം, പരിപാലനം

ബഡ്ജറ്റ് വിഹിതം: 25 കോടി രൂപ (പദ്ധതി)

